**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5215** **02-11-2021 - ൽ മറുപടിയ്ക്ക്**

**വയോ അമൃതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭാരതീയ ചികിത്സാവകുപ്പും സാമൂഹ്യ നീതിവകുപ്പും സംയുക്തമായി വയോജനങ്ങളുടെ ക്ഷേമത്തിനായി ആരംഭിച്ച വയോ അമൃതം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | (എ) 2021-2022 സാമ്പത്തികവർഷം വയോഅമൃതം പദ്ധതി നടപ്പിലാക്കുന്നതിനായി 1,19,60,320/- രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തുടരുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | (ബി) 05.08.2021 ലെ സ.ഉ(സാധാ) നം 535/2021/ സാനീവ നമ്പർ പ്രകാരം പദ്ധതി തുടരുന്നതിനായി ഉത്തരവ് നല്കിയിട്ടുണ്ട്. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിക്കുന്ന ഡിമെൻഷ്യ കം ഓൾഡേജ് ഹോമിലെ ഡിമെൻഷ്യ രോഗികൾക്കും വയോജനങ്ങൾക്കും ലഭ്യമായിക്കൊണ്ടിരുന്ന ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രയോജനം തുടർന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയോഅമൃതം പദ്ധതി തുടരുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ